

21-01-2022

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 21/01/2022

1. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ 01.03.2019 നും 10.06.2019 നും ഇടയിൽ കർഷകരിൽ നിന്നും ലഭിച്ച അപേക്ഷകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ അനുമതി നൽകിയതായി കൃഷിമന്ത്രി പി. പ്രസാദ് അറിയിച്ചു.

2. കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട് (AIF) നടത്തിപ്പിനായി കൃഷി വകുപ്പും നബാർഡിന്റെ കൺസൾട്ടൻസി സ്ഥാപനമായ നാബ്കോൺസുമായി ഈ മാസം 18-ന് (18/01/2022 ന്) ധാരണാപത്രം ഒപ്പ് വച്ചു. ഈ പദ്ധതി പ്രകാരം കർഷകർക്കും സംരംഭകർക്കും 7 വർഷ കാലാവധിയിൽ രണ്ട് കോടി രൂപവരെ കുറഞ്ഞ നിരക്കിൽ വായ്പയും, വായ്പയുടെ പലിശയ്ക്ക് 3 ശതമാനം സബ്സിഡിയും ലഭിയ്ക്കും.

3. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നേര്യമംഗലം ഡി.എസ്.പി ഫാമിൽ വിവിധ ഇനം തെങ്ങിൻതൈകൾ വിൽപ്പനയ്ക്കു ലഭ്യമാണ്. തെങ്ങിൻതൈകൾ ആവശ്യമുള്ള കർഷകർ **0485-2554240** എന്ന ഫാം ഓഫീസ് നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 8 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം ജില്ലയിൽ വിവിധ ബ്ലോക്കുകളിലേക്ക് രാത്രികാല അടിയന്തിര മൃഗചികിത്സാസേവനം പദ്ധതിയുടെ ഭാഗമായി വെറ്ററിനറി സർജന്മാരെ താൽക്കാലിക അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി ഇന്ന് (ജനുവരി 21) രാവിലെ 11 മണിയ്ക്ക് തമ്പാനൂർ, എസ്.എസ്.കോവിൽ റോഡിൽ പ്രവർത്തിക്കുന്ന ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വച്ച് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2330736** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അലങ്കാര കോഴി ഒന്നിന് 85 രൂപ നിരക്കിലും, കടക്നാഥ് ഒന്നിന് 35 രൂപ നിരക്കിലും, നേക്കഡ് നെക്ക്, തലശ്ശേരി ഇനത്തിൽ പെട്ട കോഴികൾക്ക് ഒന്നിന് 22 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ പുൽകൃഷി വികസനത്തിനായി നിലം ഒരുക്കി നൽകുന്നതിന് മണ്ണുമാന്തിയന്ത്രത്തിന്റെ സേവനം ലഭ്യമാക്കുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. മുദ്രവച്ച ടെണ്ടറുകൾ **ഈ മാസം 27-ന് (ജനുവരി 27-ന്) 11 മണിക്ക് മുമ്പായി അസിസ്റ്റന്റ് ഡയറക്ടർ, ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ** എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **7907144318** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

7. ആറളം ഫാമിലെ 6, 8 ബ്ലോക്കുകളിൽ കൃഷി ചെയ്തിട്ടുള്ള മഞ്ഞളിൽ ഒരു ഭാഗം കുർക്കുമിൻ അളവിന്റെ അടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. സാമ്പിൾ പരിശോധിച്ച് ഉയർന്ന വില വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾ/കമ്പനികൾ എന്നിവർക്ക് മഞ്ഞൾ സംസ്കരിച്ച് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9496045386, 9496045384** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ കൃഷിഭവനിൽ ഡബ്ല്യൂ.സി.റ്റി (WCT) തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങാവുന്നതാണെന്ന് കൃഷി ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിൽ ഫെബ്രുവരി 01, 02 തീയതികളിൽ പരിശീലനം നൽകുന്നു. ആർ.എസ്.എസ്. ഗ്രേഡ് ഷീറ്റുകളുടെ നിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ നിക്ഷേപസാദ്ധ്യതകൾ എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

10. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ജനുവരി 21ന്) രാവിലെ 11 മണി മുതൽ **നല്ല പാൽ നല്ല വില** എന്ന വിഷയത്തിലും ഈ മാസം 24-ന് (ജനുവരി 24)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ക്ഷീരസഹകരണ സംഘം ജീവനക്കാരുടെ അവധി ചട്ടങ്ങൾ** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക കൂടുതൽ വിവരങ്ങൾക്ക് **0481– 2302223, 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **24,25 തീയതികളിൽ പശുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471–2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

12. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 27,28 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയങ്ങളിൽ **ക്ലാസ് റൂം** പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **04829–234323** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

13. വിതച്ച് 35 ദിവസം മുതൽ 85 ദിവസം വരെ പ്രായമായ കായൽ നിലങ്ങളിലും, തകഴി, അമ്പലപ്പുഴ തെക്ക്, ആലപ്പുഴ, മണ്ണഞ്ചേരി, കൈനകരി, ചമ്പക്കുളം കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന പാടശേഖരങ്ങളിലും, മൂഞ്ഞയുടെ സാന്നിധ്യം കാണുന്നുണ്ട്. കൂടാതെ 15 ദിവസം മുതൽ തന്നെ ചില പാടശേഖരങ്ങളിൽ മൂഞ്ഞയുടെ സാന്നിധ്യം കണ്ടുതുടങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടു കൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശപ്രകാരമല്ലാതെ ഒരു കീടത്തിനെതിരെയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. നിലവിൽ രാസകീടനാശിനികൾ പ്രയോഗിക്കേണ്ട സാഹചര്യം എവിടേയും ഇല്ല. മണ്ണിന്റെ ഉയർന്ന അമ്ലതയുമായി ബന്ധപ്പെട്ട വിള ആരോഗ്യപ്രശ്നങ്ങളാണ് കൂടുതലായും കാണുന്നത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മൂഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. സാങ്കേതിക സഹായത്തിനായി **7559908639** എന്ന ഫോൺ നമ്പരിൽ മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണെന്ന് മങ്കൊമ്പ് പ്രോജക്ട് ഡയറക്ടർ അറിയിച്ചു.